പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2386 | 12-02-2020 ൽ മറുപടിക്ക്

## കാസർഗോഡ് ബി.എച്ച്.ഇ.എൽ. ജീവനക്കാരുടെ ശമ്പളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ബി.എച്ച്.ഇ.എൽ. -ൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | എ) ഭെൽ-ഇ.എം.എൽ എന്ന കമ്പനിയിൽ 151 സ്ഥിരം ജീവനക്കാരും, 24 കരാർ തൊഴിലാളികളും ആണ് ജോലി ചെയ്യുവരുന്നത്. |
| ബി) ഇവർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ല എന്നും ഈ പ്രതിസന്ധിക്ക് കാരണമെന്തെന്നും വ്യക്തമാക്കാമോ;<br><br>സി) മാസങ്ങളോളം ശമ്പളം കിട്ടാതെ വരുമ്പോൾ പട്ടിണിയിലേയ്ക്ക് എടുത്തെറിയപ്പെടുന്ന ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) സി) കമ്പനിയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 14 മാസമായി ശമ്പളം വിതരണം ചെയ്യിട്ടില്ല. ഇടക്കാലാശ്വാസമായി പലതവണകളായി ചെറിയ തുകകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. സ്ഥാപനം കേന്ദ്ര സർക്കാരിൻെറ അധീനതയിലാണ് പ്രവർത്തിക്കുന്നത്. ഇൻഡ്യൻ റയിൽവേയ്ക്കാവശ്യമായ വിവിധ ആൾട്ടർനേറ്റേഴ്സും, മറ്റ് ജനറൽ ആവശ്യങ്ങൾക്കുള്ള ആൾട്ടർനേറ്റേഴ്സുമാണ് ഈ കമ്പനിയുടെ ഉൽപ്പന്നങ്ങൾ. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണം മൂലം ഉൽപ്പാദന വിതരണ പ്രക്രിയയിലുണ്ടായിരിക്കുന്ന തടസങ്ങളാണ് നിലവിലെ പ്രതിസന്ധിയ്ക്ക് കാരണം. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത മൂലം ലഭ്യമായ ഓർഡറുകൾ പോലും ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്.<br><br>ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ പരിഗണിച്ച് കമ്പനിയുടെ അപേക്ഷ പ്രകാരം 5 കോടി രൂപയുടെ പ്രവർത്തനമൂലധന സഹായം കെ.എം.എം.എല്ലിൽ നിന്നും ഫെബ്രുവരി 2018ൽ കേരള സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ മാർച്ച് 2019ൽ 1.50 കോടിരൂപയുടെ സഹായവും സർക്കാർ നൽകിയിരുന്നു. കൂടാതെ 2019 സെപ്റ്റംബർ മാസത്തിൽ 15 ലക്ഷം രൂപയുടെ സഹായവും കേരള സർക്കാർ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കാസർഗോഡ് ജില്ലയിലെ പൊതുമേഖല സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-നെയും ആ സ്ഥാപനത്തിലെ ജീവനക്കാരെയും രക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | കേന്ദ്ര സർക്കാരിൻെറ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നയത്തിൻെറ ഭാഗമായി ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ച ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ തന്നെ പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ഇടപെടലുകളാണ് പ്രാരംഭമായി കേരള സർക്കാർ നടത്തിയത്. ഭെൽ-ഇ.എം.എൽ ന്റെ ഓഹരികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 07/09/2019 ലെ സ.ഉ.(കൈ) നം. 78/2019/വ്യവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഭെൽ-ഇ.എം.എൽ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ